"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് - 2016 മുതൽ ഒഴിഞ്ഞു കിടന്നിരുന്നതും, 16/10/2020 ലെ G.O.(Ms) No.79/2020/AGRI ഉത്തരവ് പ്രകാരം പുനരുജ്ജീവിപ്പിച്ചെങ്കിലും നാളിതുവരെയും നിയമനം നടത്തിയിട്ടില്ലാത്തതുമായ പേഴ്സണൽ മാനേജരുടെ തസ്തികയിലേയ്ക്ക് നിയമനം നടത്തുവാൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(കൈ) നം.106/2022/AGRI തീയതി,തിരുവനന്തപുരം, 02-12-2022

---

പരാമർശം:-

1. 22/10/2001 ലെ G.O.(P) No.1208/2001/FIN ഉത്തരവ്
2. 28/02/1982 ലെ 14896/BPE2/91/Plg നമ്പർ സർക്കുലർ
3. 16/10/2020 ലെ G.O.(Ms) No.79/2020/AGRI ഉത്തരവ്
4. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 05/08/2022 ലെ എസ്.എഫ്.സി.കെ/സിഡബ്ല്യൂജി/2022-23/ 2499 നമ്പർ കത്ത്.

**ഉത്തരവ്**

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ 2016 മുതൽ ഒഴിഞ്ഞുകിടന്നിരുന്ന പേഴ്സണൽ മാനേജരുടെ തസ്തിക പുനരുജ്ജീവിപ്പിച്ചു കൊണ്ടും, പരാമർശം (1) ഉത്തരവ്, പരാമർശം (2) സർക്കുലർ എന്നിവയിലെ നിബന്ധനകൾ പാലിച്ച് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുവാൻ അനുമതി നൽകി കൊണ്ടും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2) എന്നാൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് തന്നെ 13/07/2018 ലെ 323-ാമത് ബോർഡ് തീരുമാന പ്രകാരം കോർപ്പറേഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നതും, ഇതിനനുസൃതമായി 54 അപേക്ഷകൾ ലഭിച്ചിരുന്നതുമാണ്. സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ പേഴ്സണൽ മാനേജരുടെ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി, രണ്ടാം വിജ്ഞാപനം പുറപ്പെടുവിച്ച്, നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നതിനും, ആദ്യ വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകളിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളെ കൂടി ഉൾപ്പെടുത്തി പട്ടിക തയ്യാറാക്കുന്നതിനും 21/01/2021 ലെ 351-ാമത് ബോർഡ് യോഗം തീരുമാനിക്കുകയുണ്ടായി.

3) ഇതിൻ പ്രകാരം രണ്ടാം വിജ്ഞാപനം പുറപ്പെടുവിക്കുകയും 73 അപേക്ഷകൾ ലഭ്യമാകുകയും ചെയ്തിരുന്നുവെങ്കിലും ആ സമയം നിയമസഭാ തിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം പുറപ്പെടുവിച്ചതിനാലും, തുടർന്ന് കോർപ്പറേഷന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ കാലാവധി അവസാനിച്ചതിനാലും, മേൽ ബോർഡ് തീരുമാന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനോ പരാമർശം (3) ഉത്തരവ് പ്രകാരം

പുനരുജ്ജീവിപ്പിച്ച പേഴ്സണൽ മാനേജർ തസ്തികയിലേയ്ക്ക് നാളിതുവരെയും നിയമനം നടത്തുവാനോ കോർപ്പറേഷനു സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിലും 2018, 2021 വിജ്ഞാപനങ്ങൾ പ്രകാരം അപേക്ഷ സമർപ്പിച്ചവരിൽ, പ്രായപരിധി കഴിഞ്ഞുപോയവർ ഉണ്ടാകുവാൻ സാധ്യതയുള്ളതിനാലും, പേഴ്സണൽ മാനേജർ തസ്തികയിലേയ്ക്ക് പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമനം നടത്തുന്നതിന് സർക്കാർ അനുമതി നൽകണമെന്നും, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ 2016 മുതൽ ഒഴിഞ്ഞു കിടന്നിരുന്നതും, പരാമർശം (3) ഉത്തരവ് പ്രകാരം പുനരുജ്ജീവിപ്പിച്ചെങ്കിലും നാളിതു വരെയും നിയമനം നടത്തിയിട്ടില്ലാത്തതുമായ പേഴ്സണൽ മാനേജരുടെ തസ്തികയിലേയ്ക്ക്, പരാമർശം (1) ഉത്തരവിൽ ഇളവ് അനുവദിച്ച് നിയമനം നടത്തുന്നതിന് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും (മാനേജിങ് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (30/11/2022 ലെ മന്ത്രിസഭ യോഗത്തിന്റെ ഇനം നം.1213 തീരുമാന പ്രകാരം)
ധനകാര്യ വകുപ്പ് (13/10/2022 ലെ PU-D3/165/2022-FIN പ്രകാരം)
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Premchand C P**
**Date: 03-12-2022 11:49:30**
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു കൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്